**പതിനഞ്ചാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2226** **21-06-2024-ൽ മറുപടിയ്ക്ക്**

**<u>വയനാട് മെഡിക്കൽ കോളേജിലെ ഒഴിവുകൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ഒ. ആർ. കേളു

ശ്രീ. ഒ. ആർ. കേളു

ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** വയനാട് മെഡിക്കൽ കോളേജിൽ നിലവിൽ മെഡിക്കൽ എജ്യൂക്കേഷൻ ഡയറക്ടറുടെ കീഴിലുള്ള മുഴുവൻ ജീവനക്കാരുടെയും വിവരങ്ങൾ തസ്തിക തിരിച്ച് ലഭ്യമാക്കാമോ;

**<u>മറുപടി:</u>** 9.02.2021 തീയതിയിലെ സ.ഉ.(കൈ.)നം. 45/2021/ആ.കു.വ പ്രകാരം 140 തസ്തികകൾ വയനാട് മെഡിക്കൽ കോളേജിനു സൃഷ്ടിച്ച് ഉത്തരവായി.

- പ്രിൻസിപ്പൽ - 1
- പ്രൊഫസർ - 6
- അസോസിയേറ്റ് പ്രൊഫസർ - 21
- അസിസ്റ്റന്റ് പ്രൊഫസർ - 28
- ട്യൂട്ടർ/ഡെമോൺസ്ട്രേറ്റർ - 14
- സീനിയർ റസിഡന്റ് - 27
- ജൂനിയർ റസിഡന്റ് - 18
- സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ -1
- അക്കൗണ്ട്സ് ഓഫീസർ - 1
- സീനിയർ സൂപ്രണ്ട് - 1
- ജൂനിയർ സൂപ്രണ്ട് - 1
- സീനിയർ ക്ലാർക്ക് - 2
- ക്ലാർക്ക് - 2
- കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II - 1
- ടൈപ്പിസ്റ്റ് - 1
- ഓഫീസ് അറ്റൻഡന്റ് ഗ്രേഡ് II - 2
- വാച്ച്മാൻ - 1
- ജൂനിയർ ലാബ് അസിസ്റ്റന്റ് - 2
- ക്ലെറിക്കൽ അറ്റന്റർ/ലൈബ്രറി അറ്റന്റർ- 1

- ലൈബ്രേറിയൻ ഗ്രേഡ് IV - 2
- മെഡിക്കൽ റെക്കോർഡ് ലൈബ്രറിയൻ ഗ്രേഡ് II-2
- ഫുൾ ടൈം സ്വീപ്പർ - 2
- സർജെന്റ് ഗ്രേഡ് II- 1
- പാർട്ട് ടൈം സ്വീപ്പർ-2

**(ബി)** പ്രസ്തുത ഓഫീസറുടെ കീഴിൽ അനുവദിക്കപ്പെട്ടിട്ടുള്ള തസ്തികകളിൽ ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; ഒഴിവുകൾ നികത്താൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

**മറുപടി:** വയനാട് മെഡിക്കൽ കോളേജിൽ ജനറൽ സർജറി വിഭാഗത്തിൽ 1 പ്രൊഫസർ, 2 അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളാണ് നിലവിൽ ഒഴിവുള്ളത്. ആയതിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രൊഫസർ തസ്തിക പ്രൊമോഷൻ വഴി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

D&V വിഭാഗത്തിൽ 1 അസോസിയേറ്റ് പ്രൊഫസർ തസ്തികയിലാണ് നിലവിൽ ഒഴിവ് ഉള്ളത്. ആയത് പ്രൊവിഷണൽ പ്രൊമോഷൻ നടത്തുന്നതു വഴി ഉടനടി നികത്തപ്പെടുന്നതാണ്.

ജനറൽ മെഡിസിൻ വിഭാഗം പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ തസ്തികയിലെ ഓരോ ഫാക്കൽറ്റിമാർ യഥാക്രമം കോഴിക്കോട്, തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജുകളിൽ എമർജൻസി മെഡിസിൻ വിഭാഗത്തിൽ അക്കോമഡേഷൻ വ്യവസ്ഥയിൽ ജോലി ചെയ്തു വരുന്നു. ടിയാളുടെ അക്കോമഡേഷൻ റദ്ദ് ചെയ്യുന്നതിനുള്ള ശിപാർശ പരിഗണയിലാണ്. ജനറൽ മെഡിസിൻ വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ രണ്ട് ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് ആയത് നികത്തുന്നതാണ്.

റേഡിയോ ഡയഗ്നോസിസ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ ഒരു ഒഴിവ് പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി യിൽ നിന്നും നിയമന ശിപാർശ ലഭ്യമാകുന്നതു വരെ താത്കാലികാടിസ്ഥാനത്തിൽ നിയമനം നടത്താൻ വയനാട് മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിനു അനുമതി നൽകിയിട്ടുണ്ട്.

ഒ.ബി.ജി വിഭാഗം – 2 അസിസ്റ്റന്റ് പ്രൊഫസർ ഒഴിവുകൾ, ഓർത്തോവിഭാഗം - 1 അസിസ്റ്റന്റ് പ്രൊഫസർ ഒഴിവ്, ഇ.എൻ.ടി വിഭാഗം - 1 അസിസ്റ്റന്റ് പ്രൊഫസർ ഒഴിവ് ഉണ്ട്. പ്രസ്തുത ഒഴിവുകൾ എല്ലാം പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി - യിൽ നിന്നും സ്ഥിരനിയമനം നടക്കുന്നതുവരെ താൽക്കാലിക അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനുള്ള നിർദ്ദേശം വയനാട് മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന് നൽകിയിട്ടുണ്ട്.

അനസ്തേഷ്യ വിഭാഗത്തിൽ 1 അസിസ്റ്റന്റ് പ്രൊഫസറിന്റെ ഒഴിവ്, എമർജൻസി മെഡിസിൻ വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസറുടെയും, അസോസിയേറ്റ് പ്രൊഫസറുടെയും ഓരോ ഒഴിവുകളും ഉണ്ട്. അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അസോസിയേറ്റ് പ്രൊഫസർ തസ്തികയിലെ ഒഴിവ് പ്രൊവിഷണൽ പ്രൊമോഷൻ വഴി നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

അനാട്ടമി വിഭാഗത്തിൽ 1 പ്രൊഫസറുടേയും, കമ്മ്യൂണിറ്റി മെഡിസിൻ, ഫിസിയോളജി, പത്തോളജി, ട്രാൻസ്ഫ്യൂഷൻ മെഡിസിൻ എന്നീ വിഭാഗങ്ങളിൽ ഓരോ അസിസ്റ്റന്റ് പ്രൊഫസർമാരുടേയും, ബയോകെമിസ്ട്രി വിഭാഗത്തിൽ രണ്ട് അസിസ്റ്റന്റ് പ്രൊഫസറുടേയും ഒഴിവുകൾ ഉണ്ട്. അസിസ്റ്റന്റ്

പ്രൊഫസർ തസ്തികയിലെ ഒഴിവുകൾ എല്ലാം തന്നെ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രൊഫസർ തസ്തികകൾ പ്രൊവിഷണലായി നികത്തുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ സർക്കാരിൽ പരിശോധിച്ച് നിയമനങ്ങൾ നടത്തി വരുന്നു.

വയനാട് സർക്കാർ മെഡിക്കൽ കോളേജിൽ നിലവിൽ 13 സീനിയർ റസിഡന്റുമാർ ജോലി ചെയ്തുവരുന്നു. ആയതിൽ 4 പേർ കരാർ അടിസ്ഥാനത്തിലും 9 പേർ നിർബന്ധിത സേവന വ്യവസ്ഥയിലുമാണ് സേവനമനുഷ്ഠിച്ചുവരുന്നത്. പ്രസ്തുത സീനിയർ റസിഡന്റ് തസ്തികകൾക്ക് പുറമേ നിലവിൽ വയനാട് മെഡിക്കൽ കോളേജിലെ പ്രത്യേക സാഹചര്യത്തിൽ സമഗ്രമായ ചികിത്സ ഉറപ്പുവരുത്തുന്നതിനായി ഒരു മാസക്കാലയളവിൽ റൊട്ടേഷൻ വ്യവസ്ഥയിൽ കോഴിക്കോട് മെഡിക്കൽ കോളേജിൽ നിന്നും 7 സീനിയർ റസിഡന്റുമാരെ വിവിധ വിഭാഗങ്ങളിലെ കർത്തവ്യ നിർവ്വഹണത്തിനായി നിയോഗിച്ചിട്ടുണ്ട്.

ജൂനിയർ റസിഡന്റ് വിഭാഗത്തിൽ 20 ഒഴിവുകൾ നിലവിലുണ്ട്. നിലവിലുള്ള ഒഴിവുകൾ നികത്തുവാൻ നടപടികൾ സ്വീകരിച്ചു വരുന്നു. ഒഴിവുകൾ വരുന്ന മുറയ്ക്ക് നിശ്ചിത ഇടവേളകളിൽ കൂടിക്കാഴ്ച വിജ്ഞാപനം പുറപ്പെടുവിക്കുമ്പോഴും അനുവദിക്കപ്പെട്ട ജൂനിയർ റസിഡന്റ് തസ്തികകളിൽ ഒരു വർഷക്കാലയളവിലേക്ക് കരാർ വ്യവസ്ഥയിൽ നിയമനം നടത്തുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

വിവിധ വിഭാഗങ്ങൾക്ക് അനുവദിക്കപ്പെട്ട അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ സ്ഥിരം നിയമനത്തിനുള്ള ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് നിലവിലില്ലാതെ വരുമ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ഉദ്യോഗാർത്ഥികളുടെ പട്ടിക ആവശ്യപ്പെടുകയും ഉദ്യോഗാർത്ഥികളെ ലഭ്യമാകാത്ത പക്ഷം കൂടിക്കാഴ്ച നടത്തി കരാർ വ്യവസ്ഥയിൽ നിയമാനുസൃതമായി വയനാട് മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ നിയമനം നടത്തിവരുന്നുണ്ട്.

കൂടാതെ ലൈബ്രേറിയൻ ഗ്രേഡ് IV 1 ഒഴിവും, ജൂനിയർ ലാബ് അസിസ്റ്റന്റ് തസ്തികയിൽ 2 ഒഴിവുകളും പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ഒരു ഒഴിവും നിലവിലുണ്ട്.

ജൂനിയർ ലാബ് അസിസ്റ്റന്റ് തസ്തികയിലെ 2 ഒഴിവുകൾ നിലവിൽ പി.എസ്.സി യിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി യിൽ നിന്നും നിയമന ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് നിയമന നടപടികൾ പൂർത്തിയാക്കുന്നതാണ്.

ലൈബ്രേറിയൻ ഗ്രേഡ്-IV - ലെ 1 ഒഴിവ് നികത്തുന്നതിലേയ്ക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

പാർട്ട് ടൈം സ്വീപ്പർ തസ്തികയിലെ ഒഴിവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനെ നികത്താനാവശ്യമായ നടപടികൾ പുരോഗമിച്ചുവരുന്നു. ജില്ലാതല നിയമനങ്ങൾ നികത്തുവാൻ പ്രിൻസിപ്പാളിനെ നിയമനാധികാരിയാക്കി യഥാസമയം ഇ-വേക്കൻസി സോഫ്റ്റ് വെയർ മുഖേന പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**